KeralaKaumudi 30-09-18, P-11

■ മണലൂർ താഴം പടവിൽ

# ഓപറേഷൻ കോൾ ഡബ്ബിൾ പദ്ധതിക്ക് തുടക്കം

കാഞ്ഞാണി: ജില്ലയിലെ കോൾ നിലങ്ങളിൽ ഇരിപ്പൂനെൽക്കൃഷി ആരംഭിക്കുന്നതിനായി നടപ്പാക്കുന്ന ഓപറേഷൻ കോൾ ഡബ്ബിൾ പദ്ധതിക്ക് മണലൂർ താഴം പടവിൽ തുടക്കമായി.

കോൾ നിലങ്ങളിൽ ദ്രുതഗതിയിൽ കാർഷിക പ്രവൃത്തികൾ ആരംഭിക്കുന്നതിനായി വിവിധ മേഖലയിൽ നിന്നുള്ള കാർഷിക യന്ത്രങ്ങളുടെ ഏകോപനം നടപ്പിലാക്കുന്നതാണ് ഓപറേഷൻ കോൾ ഡബ്ബിൾ പദ്ധതി. പദ്ധതി മുരളി പെരുനെല്ലി എം.എൽ.എ ഉദ്ഘാടനം ചെയ്തു. മണലൂർ പഞ്ചായത്ത് പ്രസിഡന്റ് വിജി ശശി അദ്ധ്യക്ഷത വഹിച്ചു. ഓപറേഷൻ കോൾ ഡബ്ബിൾ ചെയർപേഴ്സൺ എ. കല, ഡോ. യു. ജയകുമാർ, അന്തിക്കാട് ബ്ലോക്ക് വൈസ് പ്രസിഡന്റ് പി.ബി. ഹരിദാസ്, എം.കെ. സദാനന്ദൻ, സിന്ധു ശിവദാസ്, എൻ. കെ. സുബ്രഹ്മണ്യൻ, ഡോ. എ. ജെ. വിവൻസി, വി. ആർ. നരേന്ദ്രൻ, ജനാർദ്ദനൻ മണ്ണുമ്മൽ, സീത ഗണേഷ്, ഡോ. ലത, ഷൈനി ദിനേശൻ എന്നിവർ പ്രസംഗിച്ചു.



ഓപറേഷൻ കോൾ ഡബ്ബിൾ പദ്ധതിയുടെ ഭാഗമായി മണലൂർ താഴം പടവിൽ നടന്ന നിലമൊരുക്കൽ മുരളി പെരുനെല്ലി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.